**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.255 — 28.10.2019 ൽ മറുപടിക്ക്

## ആയുഷ്മാൻ ഭാരത് പദ്ധതി

| ചോദ്യം<br><br>ശ്രീ.എ. പ്രദീപ്കുമാർ<br>,, ഐ.ബി. സതീഷ്<br>,, പി. ഉണ്ണി<br>,, കെ.ജെ. മാക്സി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br><br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | രാജ്യത്ത് പ്രാബല്യത്തിലുണ്ടായിരുന്ന രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (ആർ.എസ്.ബി.വൈ) യ്ക്ക് പകരം ആയുഷ്മാൻ ഭാരത് എന്ന പേരിൽ കൊണ്ടുവന്ന പദ്ധതിയുടെ വിശദാംശം നൽകുമോ; | (എ), (ബി) & (ഇ) | കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ആയുഷ്മാൻ ഭാരത്-പ്രധാനമന്ത്രി ജെൻ ആരോഗ്യ യോജന (AB-PMJAY)പദ്ധതിയോട് കൈകോർത്തുകൊണ്ടു സംസ്ഥാന സർക്കാർ പദ്ധതിയുടെ പ്രയോജനം കൂടുതൽ പേരിലേക്കു എത്തിക്കുന്നതിനായി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) സംസ്ഥാനത്തു 2019 ഏപ്രിൽ 1 മുതൽ നടപ്പിലാക്കിയിരിക്കുന്നു. ആർ.എസ്.ബി.വൈ.ക്കു പകരമായി കേന്ദ്ര സർക്കാർ കൊണ്ടുവന്ന ആയുഷ്മാൻ ഭാരത്-പ്രധാനമന്ത്രി ജെൻ ആരോഗ്യ യോജന പദ്ധതി (AB-PMJAY) സംസ്ഥാനത്തു നടപ്പാക്കുമ്പോൾ നിലവിൽ സോഷ്യൽ ഇക്കണോമിക കാസ്റ്റ് സെൻസസ് 2011 (SECC)-ൽ ദുർബല വിഭാഗങ്ങളായി കണക്കാക്കിയിട്ടുള്ള 18.58 ലക്ഷം കുടുംബങ്ങൾക്കു മാത്രമേ പദ്ധതിയുടെ ആനുകൂല്യം ലഭ്യമായിരുന്നുള്ളൂ. തുടർന്ന് സംസ്ഥാന സർക്കാരിന്റെ ഇടപെടൽ മൂലം ആർ.എസ്.ബി.വൈ. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അംഗങ്ങളെ കൂടി AB-PMJAY പദ്ധതിയിൽ ഉൾപ്പെടുത്തി അങ്ങനെ 21.57 ലക്ഷം കുടുംബങ്ങളെ മേൽപ്പടി പദ്ധതിയുടെ ഗുണഭോക്താക്കളാക്കി കേന്ദ്ര സർക്കാർ നിശ്ചയിച്ചു.<br><br>സംസ്ഥാന സർക്കാർ ആയുഷ്മാൻ ഭാരത് - പ്രധാനമന്ത്രി ജെൻ ആരോഗ്യ യോജന പദ്ധതിയുടെ ആനുകൂല്യം കൂടുതൽ ജനങ്ങളിലേക്കു എത്തിക്കുന്നതിനും ആർ.എസ്.ബി.വൈ./ചിസ്, ചിസ് പ്ലസ്(CHIS PLUS), എസ് ചിസ്(SCHIS) പദ്ധതികളുടെ ആനുകൂല്യം ലഭ്യമായിരുന്ന ജനങ്ങളെ പദ്ധതിയുടെ ആനുകൂല്യം നഷ്ടപ്പെടാതെ ഇരിക്കുന്നതിനുമായി ഈ പദ്ധതികൾ സംയോജിപ്പിച്ചു നിലവിലുള്ള 40.96 ലക്ഷം കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചു കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) വിഭാവനം |

| | | | |
|---|---|---|---|
| | | | ചെയ്യുകയും 2019 ഏപ്രിൽ 1 മുതൽ പദ്ധതി കേരളത്തിൽ നടപ്പിലാക്കുകയും ചെയ്യുന്നു.<br><br>കേരളത്തിൽ ആർ.എസ്.ബി.വൈ./ചിസ് പദ്ധതിയുടെ ആനുകൂല്യം ടി പദ്ധതിയുടെ അവസാന വർഷമായ 2018-19 ഇൽ 40.96 ലക്ഷം കുടുംബങ്ങൾ ആയിരുന്നു. ഇതിൽ 21.57 ലക്ഷം കുടുംബങ്ങൾക്ക് ഇൻഷുറൻസ് സേവന ദാതാവിനു അടക്കേണ്ട പ്രീമിയം തുകയുടെ 60% കേന്ദ്ര സർക്കാർ നൽകി വന്നിരുന്നു (2015 വരെ കേന്ദ്ര വിഹിതം 75% വും സംസ്ഥാന വിഹിതം 25% വും ആയിരുന്നു). ബാക്കി വരുന്ന ആർ.എസ്.ബി.വൈ.യുടെ 40% വും ചിസ് പദ്ധതിയിൽ (19.39 ലക്ഷം കുടുംബങ്ങൾ) ഉള്ളവർക്ക് മുഴുവൻ പ്രീമിയവും സംസ്ഥാന സർക്കാർ ആണ് നൽകി വന്നിരുന്നത്.<br><br>ആർ.എസ്.ബി.വൈ./ചിസ് പദ്ധതി പ്രകാരം ഒരു കുടുംബത്തിന് ഒരു വർഷം 30,000 രൂപയുടെ സൗജന്യ ചികിത്സയും കൂടാതെ സീനിയർ സിറ്റിസൺ ഹെൽത്ത് ഇൻഷുറൻസ് സ്കീം (SCHIS) പ്രകാരം പദ്ധതിയിൽ അംഗമായിട്ടുള്ള അറുപതു വയസിനു മുകളിലുള്ള ഓരോ കുടുംബാംഗത്തിനും 30,000 രൂപയുടെ അധിക ചികിത്സയും ആണ് നൽകിയിരുന്നത്. ഈ രണ്ടു പദ്ധതികൾക്കും കൂടി 21.57 ലക്ഷം കുടുംബങ്ങൾക്കു കേന്ദ്ര സർക്കാർ നൽകി വന്നത് 750 രൂപ ആയിരുന്നു (കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള ആർ.എസ്.ബി.വൈ.യുടെ പ്രീമിയം ആയ 500 രൂപയും ചേർത്ത് 1250 രൂപയുടെ 60% ആയ 750 രൂപ). സൗജന്യ ചികിത്സ പരിധി 500,000 മായി ഉയർത്തിയപ്പോൾ കേന്ദ്ര സർക്കാർ ഇൻഷുറൻസ് കമ്പനിക്കു നൽകേണ്ട പ്രീമിയം 1052 രൂപയായി കുറച്ചു. ഇതിന്റെ 60% ആയ 631.2 രൂപ (അറുനൂറ്റി മുപ്പത്തി ഒന്ന് രൂപ ഇരുപത് പൈസ) മാത്രമാണ് 21.57 ലക്ഷം കുടുംബങ്ങൾക്കു കേന്ദ്ര സർക്കാർ പ്രീമിയം വിഹിതമായി നൽകുന്നത്.<br><br>കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി ആയുഷ്മാൻ ഭാരത് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 21.57 ലക്ഷം കുടുംബങ്ങൾക്കു ആരോഗ്യ ഇൻഷുറൻസ് പ്രീമിയം ആയ 1671 രൂപയിൽ കേന്ദ്ര വിഹിതം ആയി 631.20 രൂപ മാത്രമേ ലഭിക്കുകയുള്ളു. ബാക്കിയുള്ള 1040 രൂപ ആയുഷ്മാൻ ഭാരത് പദ്ധതിയുള്ള ഓരോ കുടുംബത്തിനും സംസ്ഥാന സർക്കാർ പ്രീമിയം നൽകേണ്ടതുണ്ട്. അതായതു ആയുഷ്മാൻ ഭാരത് പദ്ധതി നടപ്പിലാക്കുമ്പോൾ അതിന്റെ 62% പ്രീമിയവും സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടിവരുന്നത് കൂടാതെ ചിസ് പദ്ധതി പ്രകാരമുള്ള 19.39 ലക്ഷം കുടുംബാംഗങ്ങൾക്കും |

100% പ്രീമിയം (1671 രൂപ) സംസ്ഥാന സർക്കാർ നൽകണം.

| SCHEME | FAMILIES | FUND | SHARE |
|---|---|---|---|
| KASP/AYUSHMAN BHARAT STATE SHARE | 215742 + 1938989 | 5,48,33,90,004.60 | 80.11 |
| KASP/AYUSHMAN BHARAT CENTRAL SHARE | 2157472 | 1,36,17,96,326.40 | 19.89 |
| TOTAL | | 6,84,51,86,331.00 | 100.00 |

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതിയെ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന വിപുലീകൃതമായ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ (കാസ്പ്) വിശദാംശം നൽകുമോ; ഗുണഭോക്താക്കൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വഹിക്കുന്ന പ്രീമിയം തുകയെത്രയാണെന്ന് വെളിപ്പെടുത്താമോ; | | മുകളിൽ സൂചിപ്പിച്ചിരിക്കുന്ന പട്ടികയിൽ നിന്നും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി സംസ്ഥാനത്തു നടപ്പാക്കുന്നതിനു സംസ്ഥാന സർക്കാർ പദ്ധതി തുകയുടെ 80.11% വഹിക്കുകയും കേന്ദ്ര സർക്കാർ 19.89% മാണ് പദ്ധതി വിഹിതം നൽകുന്നത്.<br>സംസ്ഥാന സർക്കാർ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി വഴി സംസ്ഥാനത്തെ ചിസ്, ചിസ് പ്ലസ്, എസ് ചിസ് പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിരുന്നവർക്കു തുടർന്നും തടസ്സമില്ലാത്ത സൗജന്യ ആരോഗ്യ സുരക്ഷ ഉറപ്പാക്കിയിട്ടുണ്ട്.<br>ആയുഷ്മാൻ ഭാരത്/കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി സംസ്ഥാനത്തെ തിരഞ്ഞെടുത്ത ഗുണഭോക്താക്കൾക്കു ഒരു കുടുംബത്തിന് ഓരോ വർഷവും അഞ്ചു ലക്ഷം രൂപയുടെ ചികിത്സ സഹായം തിരഞ്ഞെടുത്ത സർക്കാർ/സ്വകാര്യ/സഹകരണ ആശുപത്രികൾ വഴി ലഭ്യമാകും. മാത്രമല്ല ആയുഷ്മാൻ ഭാരത് പദ്ധതിയിൽ അംഗീകാരം ഉള്ള രാജ്യത്തെ എല്ലാ ആശുപത്രികളിലും ഗുണഭോക്താക്കൾക്കു ചികിത്സ തേടാവുന്നതാണ്. |
| (ഇ) | കേന്ദ്രസർക്കാർ നിലപാടിൽ നിന്നു വിഭിന്നമായി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കുന്നതോടൊപ്പം തന്നെ പൊതുജനാരോഗ്യ മേഖലയെ ശാക്തീകരിക്കാൻ നടത്തി വരുന്ന പ്രവർത്തനം അറിയിക്കാമോ? | | |
| (സി) | കേന്ദ്ര പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹരായവരുടെയും സംസ്ഥാന പദ്ധതി പ്രയോജനപ്രദമാകുമെന്ന് കണക്കാക്കുന്നവരുടെയും എണ്ണം അറിയിക്കാമോ; | (സി) | നിലവിൽ 31.03.2019 വരെ സാധുതയുള്ള ആർ.എസ്.ബി.വൈ./ചിസ് കാർഡ് കൈവശം ഉള്ളവർക്കും സാമൂഹിക സാമ്പത്തിക ജാതി സെൻസസ് 2011 ൽ ഉൾപ്പെട്ട ദരിദ്ര വിഭാഗം ജനങ്ങൾക്കും മാത്രമാണ് 2019-20 സാമ്പത്തിക വർഷം കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ ആനുകൂല്യം നൽകുന്നത്.<br>ആർ.എസ്.ബി.വൈ./ചിസ് കാർഡിൽ വിവിധ സാമൂഹികാവസ്ഥയിലുള്ള ജനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. പ്രസ്തുത ജനവിഭാഗങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | പുതിയ പദ്ധതി ആരംഭിച്ചതിനെ തുടർന്ന് കാരുണ്യ പദ്ധതി നിർത്തലാക്കുന്ന സാഹചര്യത്തിൽ കാരുണ്യ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിരുന്നവർക്കും ലഭിക്കാൻ അർഹതയുള്ളവർക്കും സഹായം നിഷേധിക്കപ്പെടാതിരിക്കാൻ സ്വീകരിച്ച നടപടി അറിയിക്കാമോ; | (ഡി) | 06.08.2019 ലെ G.O.(Rt) 122/2019/H&FWD പ്രകാരം കാരുണ്യ പദ്ധതി തുടരുന്നുണ്ട്. മൂന്ന് ലക്ഷം രൂപ വരെ വാർഷിക വരുമാനം ഉള്ള കുടുംബത്തിന് രണ്ടു ലക്ഷം രൂപവരെയുള്ള ചികിത്സ സഹായം ലഭ്യമാകും. |

Hari

സെക്ഷൻ ഓഫീസർ

നിരീക്ഷണം

# Comprehensive Health Insurance Agency of Kerala (CHIAK)

## RSBY– അർഹരായ വിഭാഗങ്ങൾ

1. കേന്ദ്ര പ്ലാനിംഗ് കമീഷൻ പ്രകാരമുള്ള BPL കുടുംബങ്ങൾ.
2. വഴിയോര കച്ചവടക്കാർ (Street Vendors)
3. വീട്ടുവേലക്കാർ (Domestic Workers)
4. ബീഡി തൊഴിലാളികൾ
5. ആക്രി/പാഴ്‌വസ്തുക്കൾ ശേഖരിക്കുന്നവർ (Rag pickers)
6. ശുചീകരണ തൊഴിലാളികൾ (Sanitation worker)
7. പാറമട തൊഴിലാളികൾ (Mine Workers)
8. റിക്ഷ വലിക്കുന്നവർ (Rickshaw Pullers)
9. MGNREGS (ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 15 ദിവസമെങ്കിലും തൊഴിൽ ചെയ്തവർ)
10. ഓട്ടോറിക്ഷ തൊഴിലാളികൾ
11. ടാക്സി ഡ്രൈവർമാർ

## CHIS - അർഹരായ വിഭാഗങ്ങൾ

12. പട്ടിക വർഗ്ഗ കുടുംബങ്ങൾ
13. പട്ടിക ജാതി കുടുബങ്ങൾ
14. മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ.
15. മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ
16. മറ്റു മത്സ്യതൊഴിലാളികൾ
17. നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ നിന്നും പെൻഷൻ വാങ്ങുന്നവർ
18. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ
19. കർഷക തൊഴിലാളി പെൻഷൻ വാങ്ങുന്നവർ
20. ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ
21. ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ
22. കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ
23. കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ
24. തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ
25. തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ

26. കയർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ
27. കയർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ
28. ഈറ്റ-പനമ്പ്- കാട്ടുവള്ളി ബോർഡിലെ അംഗങ്ങൾ
29. ഈറ്റ-പനമ്പ്- കാട്ടുവള്ളി ബോർഡിലെ പെൻഷൻകാർ
30. ചെറുകിടതോട്ടം തൊഴിലാളി ക്ഷേമ ബോർഡിലെ അംഗങ്ങൾ
31. ചെറുകിടതോട്ടം തൊഴിലാളി ക്ഷേമ ബോർഡിലെ പെൻഷൻകാർ
32. അലക്ക് തൊഴിലാളി ക്ഷേമ പദ്ധതിയിലെ അംഗങ്ങൾ
33. അലക്ക് തൊഴിലാളി ക്ഷേമ പദ്ധതിയിലെ പെൻഷൻകാർ
34. ബാർബർ/ ബ്യൂട്ടീഷൻ ക്ഷേമ പദ്ധതിയിലെ അംഗങ്ങൾ
35. ബാർബർ/ ബ്യൂട്ടീഷൻ ക്ഷേമ പദ്ധതിയിലെ പെൻഷൻകാർ
36. കൈത്തൊഴിലാളി/വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതിയിലെ അംഗങ്ങൾ
37. കൈത്തൊഴിലാളി/വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതിയിലെ പെൻഷൻകാർ
38. 2008 ലെ അൺഓർഗനൈസ്ട് റിട്ടയേർഡ് വർക്കേർസ് പെൻഷൻ ഫണ്ട് സ്കീമിലെ പെന്ഷന്കാർ
39. കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ
40. കള്ള് ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ
41. അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ
42. മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ
43. ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ
44. കേരള ലോട്ടറി ഏജന്റ്സ് & സെല്ലേഴ്സ് ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ
45. കേരള ലോട്ടറി ഏജന്റ്സ് & സെല്ലേഴ്സ് ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ
46. ഷോപ്സ് & കോമേഴ്സ് എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം രജിസ്റ്റർചെയ്ത പാവപ്പെട്ട തൊഴിലാളികൾ /സ്വയം തൊഴിൽ ചെയ്യുന്നവർ.
47. കേരള ഓട്ടോമൊബൈൽ തൊഴിലാളി ക്ഷേമ പദ്ധതിയിലെ അംഗങ്ങൾ (ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളികൾ)
48. വികലാംഗർ ഉൾപ്പെടുന്ന പാവപ്പെട്ട കുടുംബങ്ങൾ
49. ആശ്രയ കുടുംബങ്ങൾ
50. അംഗനവാടി വർക്കേഴ്സ്/ഹെൽപ്പേഴ്സ്
51. എൻഡോസൾഫാൻ ദുരന്ത ബാധിതർ
52. ആശ പ്രവർത്തകർ
53. കണ്ണൂർ കന്റോൺമെന്റിലെ പാവപ്പെട്ട തൊഴിലാളികൾ

54. വിധവ പെൻഷൻ ലഭിക്കുന്നവർ
55. മറ്റു സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവർ
56. വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നവർ
57. അഗതി മന്ദിരങ്ങളിലെ അന്തേവാസികൾ
58. എച്ച ഐ വി അണുബാധിതർ
59. അന്ത്യോദയ അന്ന യോജനയിലും മുൻഗണനയിലും ഉൾപ്പെട്ട (മഞ്ഞയും പിങ്കും കളർ) റേഷൻ കാർഡ് ഉടമകൾ
60. 1000/- രൂപയോ അതിൽ താഴയോ ഇ.പി.എഫ് പെൻഷൻ വാങ്ങുന്നവർ
61. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങൾ
62. ഓച്ചിറയിൽ അന്തേവാസികളായി ജീവിക്കുന്ന 204 വൃദ്ധജനങ്ങൾ
63. പൂട്ടി കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഇ.എസ്സ്.ഐ ആനുകൂല്യം ഇപ്പോൾ ലഭിക്കാത്ത അംഗങ്ങൾ
64. ചികിത്സാർത്ഥം സംസ്ഥാന മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ട റേഷൻ കാർഡ് ഉടമകൾ.
65. കേരള കള്ള് ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ (പ്രീമിയം വിഹിതം ക്ഷേമനിധി ബോർഡ് നൽകുന്നത്)
66. ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിൽ അംഗങ്ങളായ തൊഴിലാളികൾ (ബോർഡിൽ നിന്നും ചികിത്സ ആനുകൂല്യം ലഭിക്കാത്ത തൊഴിലാളികൾ)
67. ചെറുകിട പവർലൂം മേഖലയിലെ തൊഴിലാളികൾ.
68. കേരള അഡ്വക്കേറ്റ് ക്ലാർക്ക് ക്ഷേമനിധിയിലെ അംഗങ്ങൾ.

Hari
സെക്ഷൻ ഓഫീസർ